# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 8005

16-07-2014-ൽ മറുപടിക്ക്.

### ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഇൻവെസ്റ്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) കേരള സർക്കാരിന്റെ 24/09/2012 ലെ സ.ഉ.(സാധാ)നം.1412/2012/വ്യവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഒരു ഇൻവെസ്റ്റ്മെന്റ ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ഈ ബോർഡിന്റെ അദ്ധ്യക്ഷനും, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഈ ബോർഡിന്റെ കൺവീനറുമാണ്. കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെട്ട്രറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമാണ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി ലഭിച്ച വിവിധ പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേയ്ക്കായി പദ്ധതി നിർദ്ദേശങ്ങൾക്ക് അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക, നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുക മുതലായവയാണ് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡിന്റെ ലക്ഷ്യങ്ങൾ. |

(സി) വ്യവസായ ഉച്ചകോടിയിൽ വന്ന പദ്ധതികൾക്ക് വിവിധ വകുപ്പുകളുടെ അനുമതി ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എമർജിംഗ് കേരള വ്യവസായ നിക്ഷേപക സംഗമത്തിൽ ലഭിച്ച പദ്ധതികളെക്കുറിച്ച് വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകുവാനുള്ള സൗകര്യങ്ങളാണ് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് ഒരുക്കിയിരിക്കുന്നത്. ഈ ബോർഡിൽ സർക്കാർ തലത്തിലുള്ള വിവിധ സെക്രട്ടറിമാരുടെ പ്രതിനിധ്യം ഉള്ളതിനാൽ പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് എന്തെങ്കിലും കാലതാമസമോ, തടസ്സമോ നേരിടുകയാണെങ്കിൽ അത് പെട്ടെന്ന് പരിഹരിക്കാൻ സാധിക്കും.

(ഡി) പ്രസ്തുത ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഡി) എമർജിംഗ് കേരള വ്യവസായ സംഗമത്തിൽ ലഭിച്ച വിവിധ പദ്ധതികളുടെ അംഗീകാരത്തിനുള്ള വിശദമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന ലഭിക്കുന്ന മുറയ്ക്ക് ഇൻവെസ്റ്റ് ക്ലിയറൻസ് ബോർഡ് യോഗം കൂടുന്നതാണ്.

സെക്ഷൻ ഓഫീസർ